# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.05.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. കേരളത്തിൻറെ മുഖ്യമന്ത്രിയായി വി.ഡി സതീശൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. 21 അംഗ മന്ത്രിസഭയും സത്യപ്രതിജ്ഞ ചെയ്തു.

   V.D. Satheesan took oath as the Chief Minister of Kerala.
   A 21-member Council of Ministers also sworn in.

2. വിദേശ പര്യടനത്തിൻറെ ഭാഗമായി നോർവേയിലെത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇന്ത്യ-നോർഡിക് ഉച്ചകോടിയിൽ പങ്കെടുക്കും.

   Prime Minister Narendra Modi, who will arrive in Norway as part of his foreign tour, will participate in the India-Nordic Summit today.

3. നൈപുണ്യ വികസന രംഗത്ത് പുതിയ മുന്നേറ്റത്തിന് തുടക്കം കുറിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ പി.എം വികാസ് പദ്ധതിക്ക് എൻ.ഐ.ടി കാലിക്കറ്റിൽ തുടക്കമായി. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം നിർവഹിച്ചു.

   Marking a new step in the field of skill development, the Central Government's PM Vikas project was launched at NIT Calicut. Union Minister of State George Kurian inaugurated the programme.

4. അർബുദ രോഗ പ്രതിരോധ മരുന്നുകൾ ഉൾപ്പെടെയുള്ള ഔഷധങ്ങൾ നിർമിക്കാൻ അമൃത് ഫാർമസി പര്യാപ്തമാണെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ.

Union Health Secretary Punya Salila Srivastava said that Amrit Pharmacy is capable of manufacturing medicines, including cancer prevention drugs.

5. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 8 ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

The India Meteorological Department has forecast isolated heavy rainfall in Kerala. Yellow alert has been issued in eight districts. Fishing has been banned today along the coasts of Kerala, Karnataka and Lakshadweep.

6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - FC ഗോവ പോരാട്ടം.

In ISL football today, Kerala Blasters will take on FC Goa.

*************

**V D Satheesan -Sworn in (INTRO)**

കേരളത്തിൻറെ മുഖ്യമന്ത്രിയായി വി.ഡി സതീശൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. തിരുവനന്തപുരം സെൻട്ര സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു. ദൈവത്തിന്റെ നാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്.

(HOLD VOICE)

*************

## KERALA - NEW CABINET

വി.ഡി സതീശൻ ഉൾപ്പടെ, 21 അംഗ മന്ത്രിസഭയാണ് ഇന്ന് സത്യപ്രതിജ്ഞ ചെയ്തത്. രമേശ് ചെന്നിത്തല, സണ്ണി ജോസഫ് , കെ മുരളീധരൻ, എ പി അനിൽകുമാർ, പി സി വിഷ്ണുനാഥ്, ടി സിദ്ദിഖ്, ബിന്ദു കൃഷ്ണ, കെ എ തുളസി, എം ലിജു, റോജി എം ജോൺ, ഒ. ജെ. ജെനീഷ് എന്നിവരാണ് കോൺഗ്രസിൽ നിന്നും സത്യപ്രതിജ്ഞ ചെയ്ത മന്ത്രിമാർ. പി കെ കുഞ്ഞാലിക്കുട്ടി, പി.കെ.ബഷീർ, എൻ.ഷംസുദ്ദീൻ, കെ.എം.ഷാജി, വി.ഇ.അബ്ദുൾ ഗഫൂർ എന്നിവരാണ് മുസ്ലിം ലീഗിൽ നിന്ന് സത്യപ്രതിജ്ഞ ചെയ്തത്. ഷിബു ബേബി ജോൺ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, സി പി ജോൺ എന്നിവരാണ് ഘടകകക്ഷികളിൽ നിന്ന് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. മുഖ്യമന്ത്രി അടക്കം 16 പേർ ആദ്യമായാണ് മന്ത്രി സ്ഥാനത്ത് എത്തുന്നത്. സത്യപ്രതിജ്ഞാ ചടങ്ങിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, പ്രിയങ്കാ ഗാന്ധി, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ് വീന്ദർ സിംഗ് സുഖു, കർണാടക ഉപ മുഖ്യമന്ത്രി ഡി കെ ശിവകുമാർ, മുൻ മുഖ്യമന്ത്രി പിണറായി വിജയൻ, ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ, സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. പുതിയ സർക്കാരിന്റെ ആദ്യ മന്ത്രി സഭാ യോഗം ചേരുന്നതിനായി മുഖ്യമന്ത്രിയും മന്ത്രിമാരും സെക്രട്ടേറിയറ്റിൽ എത്തി.

*************

## PM SATHEESAN

കേരളത്തിന്റെ മുഖ്യമന്ത്രിയായി ചുമതലയേറ്റ വി ഡി സതീശനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജനങ്ങളുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിന് പുതിയ സർക്കാരിന് കേന്ദ്രത്തിന്റെ എല്ലാ പിന്തുണയും ഉറപ്പാക്കുമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ അറിയിച്ചു.

*************

## PM - NORWAY VISIT

മൂന്നാമത് ഇന്ത്യ-നോർഡിക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് നോർവേയിലെത്തും. കിംഗ് ഹരാൾ അഞ്ചാമനുമായും സോഞ്ച രാജ്ഞിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. നോർവീജിയൻ പ്രധാനമന്ത്രി യൂനസ് ഗഹർ സ്റ്റോറുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുന്ന ശ്രീ മോദി, ഇന്ത്യ-നോർവേ ബിസിനസ് ആൻഡ് റിസർച്ച് ഉച്ചകോടിയെ അഭിസംബോധന ചെയ്യും.

ശ്രീ മോദിയുടെ ആദ്യ നോർവേ സന്ദർശനമാണിത്. 43 വർഷത്തിനിടെ ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നോർവെ സന്ദർശിക്കുന്നത്.

*************

## RAJNATH VISIT

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗൻ്റെ വിയറ്റ്നാം, ദക്ഷിണ കൊറിയ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഇരു രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം മെച്ചപ്പെടുത്താൻ ഈ സന്ദർശനം സഹായകമാകുമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ പറഞ്ഞു. തന്ത്രപരമായ സൈനിക സഹകരണം കൂടുതൽ ആഴത്തിലാക്കുക, പ്രതിരോധ വ്യാവസായിക പങ്കാളിത്തം ശക്തിപ്പെടുത്തുക, ഇന്തോ-പസഫിക് മേഖലയിൽ സഹകരണം വർദ്ധിപ്പിക്കുക എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും ശ്രീ. സിംഗ് കൂട്ടിച്ചേർത്തു.

*************

## NADDA- SWITZERLAND

79-ാമത് ലോകാരോഗ്യ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ സ്വിറ്റ്സർലൻഡിലെത്തി. ആറ് ദിവസത്തെ സമ്മേളനത്തിന് ഇന്ന് ജനീവയിൽ തുടക്കമാകും. Reshaping Global Health: A Shared Responsibility എന്നതാണ് ഈ വർഷത്തെ പ്രമേയം. 165- ലധികം രാജ്യങ്ങളിൽ നിന്നുള്ള ആരോഗ്യ മന്ത്രിമാരും പ്രമുഖരും പൊതുജനാരോഗ്യ വിദഗ്ധരും അസംബ്ലിയിൽ പങ്കെടുക്കും.

*************

## SIBI GEORGE - SWEDEN - INTRO

ഇന്ത്യയിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി തുടരുന്ന സാമ്പത്തിക പരിഷ്കാരങ്ങളെ സ്വീഡനിലെ വ്യവസായ പ്രമുഖരും സിഇഒമാരും അഭിനന്ദിച്ചതായി പശ്ചിമ മേഖലയുടെ ചുമതലയുള്ള വിദേശകാര്യ മന്ത്രാലയ സെക്രട്ടറി സിബി ജോർജ്ജ്. യൂറോപ്യൻ റൗണ്ട് ടേബിൾ

വ്യവസായ യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ ദൃശ്യമായ സുസ്ഥിര പരിവർത്തനങ്ങളെ കുറിച്ചും സ്വീഡിഷ് വ്യവസായ സമൂഹം എടുത്തു പറഞ്ഞതായി ശ്രീ സിബി ജോർജ്ജ് പരാമർശിച്ചു.

(വോയിസ്)

*************

## SHA CHHATTISGARG

രണ്ട് ദിവസത്തെ ഛത്തീസ്ഗഡ് സന്ദർശനത്തിനെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ റായ്പൂരിൽ അടിയന്തര പ്രതികരണ സേവനമായ ഡയൽ -112 വഴി പുതിയ വാഹനങ്ങൾ ഫ്ലാഗ് ഓഫ് ചെയ്തു. ബസ്തർ ജില്ലയിൽ പബ്ലിക് കൺവീനിയൻസ് സെൻററിൻറെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. ഛത്തീസ്ഗഡിനെ നക്സൽ മുക്തമായി പ്രഖ്യാപിച്ചതിന് ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമാണിത്.

*************

## GEORGE KURIAN

നൈപുണ്യ വികസന രംഗത്ത് പുതിയ മുന്നേറ്റത്തിന് തുടക്കം കുറിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ പി.എം വികാസ് പദ്ധതിക്ക് എൻ.ഐ.ടി കാലിക്കറ്റിൽ തുടക്കമായി. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പദ്ധതി ഉദ്ഘാടനം ചെയ്തു. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്കും ന്യൂനപക്ഷ സമൂഹത്തിലെ യുവതി യുവാക്കൾക്കും ആധുനിക തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനവും ധാരണാപത്രം കൈമാറലും കേന്ദ്ര സഹമന്ത്രി നിർവഹിച്ചു.

*************

## HLL (INTRO)

അർബുദ രോഗ പ്രതിരോധ മരുന്നുകൾ ഉൾപ്പെടെയുള്ള ഔഷധങ്ങൾ നിർമിക്കാൻ അമൃത് ഫാർമസി പര്യാപ്തമാണെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലില ശ്രീവസ്ഥവ. തിരുവനന്തപുരത്ത് എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് വജ്രജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ. ഓപ്പറേഷൻ സിന്ദൂർ സമയത്ത് മരുന്നുകളും ഉപകരണങ്ങളും നൽകുന്നതിലൂടെ

ഹിന്ദുസ്ഥാൻ ലാറ്റക്സ് മികച്ച പിന്തുണയാണ് നൽകിയതെന്നും ശ്രീമതി. പുണ്യ സലില ശ്രീവസ്ഥവ പറഞ്ഞു.

HOLD VOICE

*************

## WEATHER KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ  മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.  ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ  തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*************

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, FC ഗോവയെ നേരിടും . കൊച്ചിയിലെ കലൂർ സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് മത്സരം.

*************

## IPL CRICKET

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന്  ചെന്നൈ സൂപ്പർ കിങ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7:30 ന് ചെന്നൈ എം.എ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

*************

## Italian Open

ഇറ്റാലിയൻ ഓപ്പൺ ടെന്നീസ് കിരീടം സ്വന്തമാക്കി, യാനിക് സിന്നർ. നോർവേയുടെ കാസ്പർ റൂഡിനെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് ഇറ്റാലിയുടെ  യാനിക് സിന്നർ ഈ നേട്ടം കൈവരിച്ചത് . 50 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ഒരു ഇറ്റാലിയൻ താരം ഈ  കിരീടത്തിനു  അര്ഹനാകുന്നത്.

*************

## SONOWAL MARITIME

ഭാരതത്തെയും ആഗോള സമുദ്രമേഖലയെയും കൂടുതൽ തിളക്കമാർന്ന  ഭാവിയിലേക്ക് നയിക്കാൻ വനിതകൾക്കാകുമെന്നു

കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ . സമുദ്ര മേഖലയിലെ വനിതനാവികർക്കായുള്ള അന്താരാഷ്ട്ര ദിനമായ ഇന്ന് അദ്ദേഹം അവരുടെ അജയ്യമായ മനോഭാവത്തെ അഭിവാദ്യം ചെയ്തു. രാജ്യത്തെ വനിതാ നാവികരുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും ശ്രീ സോനോവാൾ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

*************

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നരേന്ദ്ര മോദി മൊബൈൽ ആപ്പിലൂടെയോ , My gov ഓപ്പൺ ഫോറത്തിലൂടെയോ സമർപ്പിക്കാം. നിർദേശങ്ങൾ ഈ മാസം 29 വരെ സ്വീകരിക്കും.

*************

********

****